## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 02.03.2016-ലെ യോഗ നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2016-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** **1207** തദ്ദേശഭരണ സ്ഥാപനങ്ങൾ **2673.38** കോടി രൂപ (**43** %) ചെലവഴിച്ചതായും ഇതിൽ **951** ഗ്രാമപഞ്ചായത്തുകൾ **1516.58** കോടി രൂപയും (**47.70** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **367.53**കോടി രൂപയും (**50.15 %**) **14** ജില്ലാ പഞ്ചായത്തുകൾ **452.40** കോടി രൂപയും (**38.80**%), **84** മുനിസിപ്പാലിറ്റികൾ **275.09** കോടി രൂപയും, (**36.50**%), **6** കോർപ്പറേഷനുകൾ **161.76** കോടി രൂപയും (**25.06** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഉള്ള ആസ്തികളുടെ വിവരങ്ങൾ മൊബൈൽ ഫോൺ മാപ്പിംഗ് വഴി ശേഖരിക്കുന്നതിന് കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ/മോഡൽ മൊബൈൽ ഫോൺ ഓരോ പഞ്ചായത്തിനും ഒന്നു വീതം വാങ്ങുന്നതിന് പതിനായിരം രൂപയിൽ കവിയാത്ത തുകയും ബ്രോഡ്ബാൻഡ് കണക്ഷനായി പ്രതിമാസം 301 രൂപ അനുവദിക്കുന്നതിനും യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

**2.3** തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്നതിന് തീരുമാനിച്ചു.

**2.4** ത്രിതല പഞ്ചായത്തുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്, ആസ്തികളും പെർഫോർമൻസും സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കണമെന്ന പ്ലാനിംഗ് ബോർഡിന്റെ ആവശ്യം അംഗീകരിച്ചു. ഇതിന്റെ പ്രവർത്തനത്തിന് ഒരു പ്രത്യേക സോഫ്ട് വെയർ രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

**2.3,2.4** തീരുമാനപ്രകാരം കമ്മീഷനുകൾ രൂപീകരിക്കുന്നതിന് എൽ.എസ്.ജി.ഡി. യുമായി ബന്ധപ്പെട്ട മൂന്നു മന്ത്രിമാരും കൂടിയാലോചിച്ച് ഘടന, അംഗങ്ങൾ, പ്രവർത്തനം സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതാണെന്നു നിർദ്ദേശിച്ചു.

**2.5** തദ്ദേശവകുപ്പു ജീവനക്കാർ ആരും യോഗത്തിൽ സ്ഥിരമായി പങ്കെടുക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയും തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവുകളും കത്തുകളും യഥാസമയം പുറപ്പെടുവിക്കാൻ കഴിയുന്നില്ലെന്നും യോഗം വിലയിരുത്തി.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കുമളി ഗ്രാമ പഞ്ചായത്ത് (ഫയൽനം. 149/ഡി.എ2/16/തസ്വഭവ)**

അംഗീകൃത സൊസൈറ്റികൾ വഴി മാത്രം ക്ഷീര കർഷകർക്ക് വേനൽക്കാല ഇൻസെന്റീവ് നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 വിതുര ഗ്രാമപഞ്ചായത്ത് (ഫയൽനം. 41/ഡി.എ3 /16/തസ്വഭവ)**

2012-13 സാമ്പത്തിക വർഷത്തെ തെരുവുവിളക്ക് അറ്റകുറ്റപ്പണിക്ക് കരാറുകാരന് കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 26/എഫ്.എം.3/2016/തസ്വഭവ)**

ഉറുമ്പൻകുന്ന് ജലസേചന പദ്ധതിയുടെ പേര് മാറ്റൽ സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ പരിശോധിച്ച് ഉചിത നടപടി

സ്വീകരിക്കുന്നതിനും, ആവശ്യമായ മാറ്റം വരുത്തുന്നതിന് ഐ.കെ.എം.ന് നിർദ്ദേശം നൽകണമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 213/എഫ്.എം.3/2015/തസ്വഭവ)** 2014–15–ൽ മണ്ണീറ കുടിവെള്ള പദ്ധതി, വനം വകുപ്പിന് ഡിപ്പോസിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്**

നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിലവിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള എക്സ്റ്റൻഷൻവർക്ക് ജി.എം.എൽ.പി. സ്ക്കൂളിൽ നടത്തുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പുളിക്കൽ ഗ്രാമപഞ്ചായത്ത്**

**(ബഹു. കൊണ്ടോട്ടി എം.എൽ.എ ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി മുഖേന)**

പ്രൈമറി സ്ക്കൂളുകളിലെ കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിനുള്ള വിജയഭേരി പദ്ധതി ഡി.പി.സി. അംഗീകാരത്തിനു വിധേയമായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 മാടായി ഗ്രാമപഞ്ചായത്ത്**

പഴയ വാഹനം കണ്ടം ചെയ്ത് പുതിയ വാഹനം വാങ്ങുന്നതിനും 20.01.2016–ൽ തീരുമാനമുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കാസർഗോഡ് ജില്ലാ പഞ്ചായത്ത്**

1116129 രൂപയുടെ പുതിയ ഇന്നോവ വാഹനം വാങ്ങിച്ചതിന് സാധൂകരണം ആവശ്യപ്പെട്ടതിൽ അധിക തുക ചെലവഴിച്ചതിന് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വേങ്ങര ഗ്രാമ പഞ്ചായത്ത്**

പെയിൻ ആന്റ് പാലിയേറ്റീവ് പരിരക്ഷാ പദ്ധതിക്ക് വാഹനം അനുവദിക്കണമെന്നത് വകുപ്പുതല തീരുമാനത്തിനായി നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 വേങ്ങര ഗ്രാമ പഞ്ചായത്ത്**

സ്ക്കൂൾ കലാകായിക മത്സരങ്ങൾക്ക് ചെലവായ 1 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ചൊക്ലി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 73/ഡി.എ3/2016/തസ്വഭവ)**

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 220963 രൂപ കെ.എസ്.ഇ.ബി.യിൽ അടയ്ക്കുന്നതിന് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 168/ഡി.എ2/2016/തസ്വഭവ)**

പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ്, ഓഫീസ് നെറ്റ് വർക്കിംഗ് എന്നിവ നടപ്പിലാക്കുന്നത് എസ്.സി. ഫണ്ടാണ് ഉപയോഗിക്കുന്നതെങ്കിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 183/ഡി.എ2/2016/തസ്വഭവ)**

സമീപ പഞ്ചായത്തിലെ ക്ഷീരോത്പാദക സഹകരണ സംഘത്തിൽ രജിസ്റ്റർ ചെയ്തവർക്ക് കാലിത്തീറ്റ സബ്സിഡി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രം വണ്ടൂർ**

മാപ്പിള കവി പുലിക്കോട്ടിൽ ഹൈദർ സ്മാരക പഠനകേന്ദ്രം നിർമ്മിക്കുന്നതിന് 25.02.2016–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.36 തീരുമാനത്തോടൊപ്പം മുനിസിപ്പാലിറ്റികൾ 50000 രൂപയും കോർപ്പറേഷനുകൾ 75000 രൂപയും തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്**

2007–08–ലെ ഐ.എ.വൈ ഭവന പദ്ധതിയിൽ ധനസഹായം ലഭിച്ച വീട് പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും തകർന്നു പോയ ഭാസ്കരൻ എന്ന ആൾക്ക് പുതിയ വീട് അനുവദിക്കുന്നതിനുള്ള അപേക്ഷ അംഗീകരിച്ചു. ഇതു സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് വാങ്ങാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഉളിക്കൽ ഗ്രാമപഞ്ചായത്ത്**

എം.ജി.എൻ.ആർ.ഇ.ജി.എസ് എഞ്ചിനീയർ ശ്രീമതി വി.രമയുടെ നിയമ വിധേയ മല്ലാത്ത പ്രമോഷൻ ലഭിച്ച കാലയളവിൽ ലഭിച്ച അധിക ശമ്പളം തിരിച്ചടയ്ക്കേ ണ്ടതാണെന്നുള്ളത് ഒഴിവാക്കാനുള്ള നിർദ്ദേശം വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്**

നബാർഡ്– ആർ.ഐ.ഡി.എഫ്. ട്രഞ്ച്–19 പദ്ധതി കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമല്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കൊയിലാണ്ടി നഗരസഭ**

ഒരു കോടി അറുപത് ലക്ഷം രൂപയുടെ സ്ഥലം മത്സ്യമാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സിന് വാങ്ങുന്നതിനുള്ള അനുമതി വകുപ്പുതലത്തിൽ കൈക്കൊള്ളു ന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്**

**(ബഹു. തിരുവമ്പാടി എം.എൽ.എ ശ്രീ. സി. മോയിൻകുട്ടി മുഖേന)**

18 മാതൃക അംഗന വാടികളെ സ്മാർട്ട് അംഗനവാടികൾ ആക്കണമെന്ന ആവശ്യം അംഗനവാടികളിൽ എ.സി ഒഴികെയുള്ള ആവശ്യങ്ങൾ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പുളിക്കൽ ഗ്രാമപഞ്ചായത്ത്**

വാഹനം മോഷണം പോയതിനു പകരം വാടകയ്ക്കോ അല്ലെങ്കിൽ 10 ലക്ഷം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള പുതിയ വാഹനം വാങ്ങുന്നതിനോ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 മലപ്പുറം ജില്ലാ പഞ്ചായത്ത്**

പാലിയേറ്റീവ് കെയർ സംബന്ധിച്ച് മാർഗരേഖയിൽ മാറ്റം വരുത്തുന്നതിന് കിലയെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 മലപ്പുറം ജില്ലാ പഞ്ചായത്ത്**

വിട്ടുപോയ രണ്ട് കുടിവെള്ള പദ്ധതികൾ 2016–17–ൽ പുതിയ പദ്ധതികളായി അംഗീകാരം വാങ്ങി നടപ്പാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 എൽ.ബി.എസ് . സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി**

സൗജന്യ കമ്പ്യൂട്ടർ പഠനത്തിനായി പ്ലാൻഫണ്ടിൽ നിന്നും വകയിരുത്തണമെന്ന എൽ.ബി.എസ്.ന്റെ ആവശ്യം ചർച്ച ചെയ്യുകയും നിലവിൽ കമ്പ്യൂട്ടർ പരിശീലന പരിപാടി ഇല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്**

ജവഹർ ഭവന പദ്ധതി പ്രകാരം 200 വീടുകളുടെ വായ്പ ഇനത്തിൽ ലഭിച്ച തുകയുടെ പലിശ 5% ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കേണ്ടത് 2 വർഷത്തേയ്ക്ക് പ്ലാൻ ഫണ്ടിൽ നിന്നും അടവാക്കുന്നതിന് പ്രത്യേക അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്**

ജലനിധി പദ്ധതിയിൽ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 12-ാം വാർഡിലെ 4 സെന്റ് എസ്.സി. കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിന് 8 ലക്ഷം രൂപയുടെ മോട്ടോർ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾ ഒരുക്കിയ തിനാൽ പട്ടികജാതി ഫണ്ടിൽ വകയിരുത്തിയ പദ്ധതി പൂർത്തീകരിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്**

സോളാർ ലൈറ്റ് മെയിന്റനൻസുമായി ബന്ധപ്പെട്ട് എ.എം.സി. മെയിന്റനൻസ് ചാർജ് അടച്ചു കഴിഞ്ഞതിനാൽ പ്രത്യേക കേസായി സാധൂകരണം നൽകി തീരുമാനിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരാത്ത വിഷയമായതിനാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മാത്രമേ ഇനിയും മെയിന്റനൻസ് നടത്തേണ്ടതുള്ളൂ എന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 കടപ്പുറം ഗ്രാമപഞ്ചായത്ത്**

മെയിന്റനൻസ് നോൺ റോഡ് ഫണ്ടിൽ നിന്ന് തെരുവുവിളക്ക് മെയിന്റനൻസ്, തെരുവുവിളക്കുകളുടെ വാർഷിക പരിപാലനം എന്നിവയ്ക്ക് സാധൂകരണം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത്**

**(ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. പി.കെ.അബ്ദുറബ്ബ് മുഖേന)**

തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള ഡയാലിസിസ് സെന്റർ മുഖേന താലൂക്ക് പരിധിയിലെ വൃക്ക രോഗികൾക്ക് സൗജന്യ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിന് മുൻവർഷങ്ങളിലേതുപോലെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുകയും, തിരൂരങ്ങാടി താലൂക്ക് പരിധിയിലെ ബ്ലോക്ക് പഞ്ചായത്ത്/നഗരസഭകൾ 10 ലക്ഷം രൂപ വീതവും ഗ്രാമഞ്ചായത്തുകൾ 5 ലക്ഷം രൂപ വീതവും 2016-17ലേയ്ക്ക് മുൻ വർഷങ്ങളിലേതുപോലെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(വൈകുന്നേരം 4.45 ന് അവസാനിച്ചു)

**അടുത്ത കോർഡിനേഷൻ കമ്മിറ്റി യോഗം 9.03.2016 ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുന്നതാണ്.**